നേമം നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

110 (4692) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധ പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന്റെ ഇപ്പോഴുള്ള സ്ഥിതിയും പുരോഗതിയും വിശദമാക്കുമോ ?

ഉത്തരം

(എ) നേമം നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന ചെറുകിട കടിവെള്ള പദ്ധതികൾ

111 (4693) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എം.എൽ.എ.-മാർ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്യുന്ന ചെറുകിട കടിവെള്ള പദ്ധതിയുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏല്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ വീതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിരുന്ന ആലംകോട് കുന്ന് കടിവെള്ള പദ്ധതി, പാറപ്പുറം, കടിവെള്ള പദ്ധതി എന്നീ പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എം.എൽ.എ. നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഈ പ്രദേശങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പദ്ധതികൾ ആകയാൽ ഇവ രണ്ടും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിനെ കൊണ്ട് നിർവ്വഹണം നടത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ വീതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിരുന്ന ആലംകോട് കുന്ന് കുടിവെള്ള പദ്ധതി, പാറപ്പുറം കുടിവെള്ള പദ്ധതി എന്നിവ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവ്വഹണം തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്ത് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ടി കത്തിൽ ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും പ്രവൃത്തികളുടെ ഇപ്പോഴത്തെ നില സംബന്ധിച്ചുള്ള വിവരവും ലഭ്യമാക്കുന്നതിനായി ടി കത്തിന്റെ പകർപ്പ് ജലസേചന (സി) വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കത്തിനുള്ള മറുപടി ലഭ്യമായതിനുശേഷം ടി പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടില്ലായെങ്കിൽ അവ രണ്ടും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിനെക്കൊണ്ട് നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതി നിർവ്വഹണം

112 (4694) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിനിർവ്വഹണം ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിലെ എ.ഡി.എഫ്. നോഡൽ ഓഫീസർ മുഖേന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly